25069

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - സ്പെഷ്യാലിറ്റി കേഡർ - ജനറൽ മെഡിസിൻ വിഭാഗത്തിലെ മെഡിക്കൽ ഓഫീസർമാർക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകിയ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ(സാധാ)നം.912/2018/ആ.ക.വ തിരുവനന്തപുരം, തീയതി, 20.03.2018.

---

പരാമർശം:-1) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 01.12.2017-ലെ ഇഎ 1-4270/17/ആവഡ നമ്പർ ഉത്തരവ്.

2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25.01.2018-ലെ ഇഎ 1-160/2018/ ആവഡ നമ്പർ ഉത്തരവ്.

**ഉത്തരവ്**

ഡി.എം കാർഡിയോളജി സൂപ്പർ സ്പെഷ്യാലിറ്റി യോഗ്യത നേടിയ കോതമംഗലം താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.പോൾ തോമസ്, പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.രാജി രാജൻ, മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.വിജോ ജോർജ്ജ് എന്നിവരെ ലാവണം സ്വന്തം സ്ഥാപനങ്ങളിൽ നിലനിർത്തിക്കൊണ്ട് എറണാകുളം ജനറൽ ആശുപത്രിയിലെ കാർഡിയോളജി (കാത്ത് ലാബ്) വിഭാഗത്തിൽ, സർക്കാർ സാധൂകരണത്തിന് വിധേയമായി, ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശ പ്രകാരം ഉള്ള നടപടി ക്രമങ്ങളെ ഇതിനാൽ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സരിത.ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, (ആരോഗ്യം), എറണാകുളം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ1-160/18/ആ.വ.ഡ തീയതി 28.03.2018**

അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**